# “ദ്യുതി 2019“




**School Magazine**

***GHSS West Kollam***

# ഉള്ളടക്കം


| കൃതികൾ | വിഭാഗം | തയാറാക്കിയത് | പേജ് |
|---|---|---|---|
| മുഖവുര | | എഡിറ്റർ | 3 |
| എഡിറ്റോറിയൽ ബോർഡ് | | | 4 |
| ആശംസ | | സൂര്യകുമാരി എസ്സ് | 5 |
| ലിറ്റിൽകൈറ്റ് റിപ്പോർട്ട് | | കൈറ്റ് അദ്ധ്യാപകർ | 6 |
| വേനൽപ്പക്ഷി | കവിത | ആതിക അനസ് | 7 |
| ക്വിസ് ചോദ്യങ്ങൾ | | പ്രത്യുഷ എസ്സ് | 8 |
| ഗ്രാമങ്ങളിൽ നിന്ന് നഗരങ്ങളിലേക്ക് - നരകത്തിലേക്ക് | ഉപന്യാസം | ഭരത് | 10 |
| സ്വപ്നം കണ്ടുണർന്ന പെൺകുട്ടി | കഥ | ജ്യോതി ലക്ഷ്മി | 12 |
| പ്രവൃത്തിപഠനം | ലേഖനം | മേരി ഹെലൻ (അദ്ധ്യാപിക) | 14 |
| ഓർമ്മപ്പക്ഷി | കവിത | കാവ്യ കണ്ണൻ | 15 |
| പ്ലാസ്റ്റിക് മാലിന്യങ്ങൾ - ഒരു സാമൂഹികവിപത്ത് | ഉപന്യാസം | കൃഷ്ണ എസ് | 16 |
| സുന്ദരി പൂമ്പാറ്റ | കവിത | കാവ്യ | 18 |
| സംഗീതം | ലേഖനം | മേരി ഹെലൻ (അദ്ധ്യാപിക) | 19 |
| ഉദയസൂര്യൻ പറയുന്നത് | കവിത | ദേവിക | 20 |

| | | | |
|---|---|---|---|
| സ്വപ്നത്തിലൂടെ | കഥ | ലയ | 21 |
| മാതാവ് | കവിത | ഗോപിക | 22 |
| കഥാപഠനം | ലേഖനം | മേരി ഹെലൻ (അദ്ധ്യാപിക) | 23 |
| ഇന്നലെ അയാൾ പറഞ്ഞകഥ | കഥ | അബിൻ ഉദയൻ | 24 |
| പകർന്നാട്ടം | കവിത | ഗോപാലക‍ൃഷ്ണനൻ (അദ്ധ്യാപകൻ) | 26 |
| I.T QUIZ | | Harisurya | 28 |
| THE INFLUENCE OF SOCIAL MEDIA | Essay | Anamika | 30 |
| **ചിത്രജാലകം** | | | 31 |
| **നന്ദി** | | ലിറ്റിൽകൈറ്റ് അദ്ധ്യാപകർ | 33 |

# മുഖവുര

മാന്യ വായനക്കാരേ,

മാറുന്ന കാലത്തിനൊപ്പം നടക്കുക എന്ന ലക്ഷ്യത്തോടെ വെസ്റ്റ് കൊല്ലം ഗവ.ഹൈസ്കൂൾ ഒരു ഓൺലൈൻ മാഗസിൻ പ്രസിദ്ധീകരിക്കാൻ ശ്രമിക്കുകയാണ് പുതിയ ലോകം മാദ്ധ്യമങ്ങളുടെ ലോകമാണ്. വിശേഷിച്ചും ഓൺലൈൻ മാദ്ധ്യമങ്ങൾ നമ്മുടെ ലോകത്തെ മാറ്റി മറിക്കുന്ന അതോടൊപ്പം നടക്കാൻ ഞങ്ങൾ കുരുന്നുകൾ പിച്ചവയ്ക്കുന്ന 'വീഥകളിൽ കൈ പിടിച്ച് നടത്തുമല്ലോ !
എല്ലാവരുടേയും സഹകരണം പ്രതീക്ഷിക്കുന്നു എന്ന്

എഡിറ്റർ

# എഡിറ്റോറിയൽ ബോർഡ്

1 സൂര്യകുമാരി (HM )

2 ഹരിസൂര്യ (LK Leader)

3 നന്ദന എസ്സ്

4 പ്രത്യുഷ എസ്സ്

5 കൃഷ്ണ എസ്സ്

# ആശംസ

വിവരസാങ്കേതികവിദ്യയും സർഗ്ഗാത്മകതയും സമന്വയിപ്പിച്ച് ഞങ്ങൾ പുറത്തിറക്കുന്ന "**ദൃുതി-2019** " എന്ന സ്കൂൾ മാഗസിന് എല്ലാവിധ ഭാവുകങ്ങളും നേരുന്നു......

സൂര്യകുമാരി എസ്സ്
ഹെഡ്മിസ്ട്രസ് വെസ്റ്റ് കൊല്ലം

# ലിറ്റിൽകൈറ്റ് റിപ്പോർട്ട്

വിവരസാങ്കേതികവിദ്യയിലൂടെ കുട്ടികളെ മിടുക്കരാക്കുക എന്ന ലക്ഷ്യവുമായി ഐ ടി @ സ്കൂൾ ആരംഭിച്ച ലിറ്റിൽകൈറ്റ് ഞങ്ങളുടെ സ്കൂളിലും മികച്ച പ്രവർത്തനംനടത്തി .മാർച്ച് മാസത്തിൽ കുട്ടികളെ തെരഞ്ഞെടുത്തു. ഏപ്രിൽ മാസത്തിൽ അദ്ധ്യാപകർക്കുള്ള പരിശീലനം. ജൂൺ മാസത്തിൽ കൈറ്റ്ബോർഡ്,ഐ ഡി കാർഡ്തുടങ്ങിയ സജ്ജമാക്കി. ജൂലൈ ആദ്യവാരത്തെ ഉദ്ഘാടനത്തോടുകൂടി ക്ളാസ് ആരംഭിച്ചു തുടർന്ന് എല്ലാ ബുധനാഴ്ചയും ചിലശനിയാഴ്ചകളിലും ക്ളാസ് നടത്തി.ആനിമേഷൻ,ഗ്രാഫിക്സ്,മലയാളം കംപ്യൂട്ടിങ്ങ് ഇന്റർനെറ്റ്, പൈത്തൺ ...എന്നിവയിൽ പരിശീലനംനൽകി ക്യാമ്പ് നടത്തുകയും മത്സരങ്ങൾക്ക് കുട്ടികളെ അയയ്ക്കുകയും ചെയ്തു.അടുത്തവർഷത്തേക്കുള്ള കുട്ടികളെ തിരഞ്ഞെടുക്കാനുള്ള പ്രക്രിയ ആരംഭിക്കുകയും ചെയ്തു. ലിറ്റിൽകൈറ്റിന്റ ഈ പ്രവർത്തനങ്ങൾക്ക് ഹെഡ്മിസ്ട്രസും അദ്ധ്യാപകരും പി റ്റി എ യും ഞങ്ങളെ സഹായിക്കുകയും പ്രോത്സാഹിപ്പിക്കുകയും ചെയ്തു . ഈ പ്രോത്സാഹനം ഇനിയും ഉണ്ടാകുമെന്ന് പ്രതീക്ഷിക്കുന്നു

കൈറ്റ് അദ്ധ്യാപകർ,

Sugalal S
Sreerupa K S

# വേനൽപ്പക്ഷി

മഴിവില്ലി നിറമേഴും ചാലിച്ച സ്വപ്നങ്ങ
ളൊക്കെയും പാതി വിടർന്നിരുന്നു.
പൊട്ടിയ വീണ തൻ കമ്പിയായി
അറിയാത്ത ശ്രുതി പാടിയിരുന്നു.
പൂമരച്ചില്ല പൂന്തേൻ തേടിയിരുന്നു.
താളുകൾ കൊഴിഞ്ഞു പോയൊരു
പുസ്തകത്തിൻ ആശകളായിരുന്നു.
പുഴയുടെ ഓളത്തിൽ ഒഴുകി
മറഞ്ഞൊരു കളിവള്ളമായിരുന്നു.
വാനിൽ ചിതറിയ താരകക്കുട്ടിലെ
ഒാർമ്മതൻ  കഥയായിരുന്നു.
പചിയിറങ്ങിപ്പോയ പാതിരാപക്ഷിതൻ
വേനൽക്കിനാവുകളായിരുന്നു.
പുലരാൻ കൊതിച്ചൊരു രാത്രി
തൻ അഭിലാഷങ്ങളായിരുന്നു.
തൊടിയിലെ മാന്തോപ്പിൽ നിന്നുയ
രുമൊരു കുഞ്ഞില മർമ്മരമായിരുന്നു
പൂവിനെത്തഴുകിത്തളർന്നെത്തുമൊരു
കുഞ്ഞുതെന്നലിൽ നൊമ്പരമായിരുന്നു.
അറിയാത്ത വർണ്ണത്തൽ ചാലിച്ചെഴുതിയ
ഒരു ഗാനമായിരുന്നു.

ആതിക അനസ്  10ബി

# ക്വിസ് ചോദ്യങ്ങൾ

*ചേന മുറിച്ചാൽ ചൊറിച്ചിലുണ്ടാകുന്നതിനുള്ള കാരണം ?
ഉത്തരം: കാൽസ്യം ഓക്സിലേറ്റ്

* ചന്ദ്രനിൽ നിന്ന് നോക്കിയാൽ ആകാശം ഏത് നിറത്തിൽ കാണപ്പെടുന്നു?
ഉത്തരം: കറുപ്പ്

* ആധുനിക രസതന്ത്രത്തിന്റെ പിതാവ് ?
ഉത്തരം: ലാവോയിസർ

* വേരുകൾ ഇല്ലാത്ത സസ്യം ?
ഉത്തരം:സാൽവീനിയ

*സസ്യങ്ങളിൽഏറ്റവും കൂടുതൽ കാണുന്ന മൂലകം?
ഉത്തരം:കാർബൺ

*ഭൂമിയിൽ ഊർജ്ജത്തിന്റെ സ്രോതസ്സ് എന്ത് ?
ഉത്തരം:സൂര്യൻ

*വായുവിൽ ഏറ്റവും കൂടുതൽ അളവുലുള്ള വാതകം?
ഉത്തരം:നൈട്രജൻ

*വെള്ളത്തിന്റെ വൈദ്യുത വിശ്ലേഷണത്തിന് ആനോഡിൽ ശേഖരിക്കുന്ന വാതകം?
ഉത്തരം:ഓക്സിജൻ

*ഏറ്റവും അംഗസംഖ്യ കുറഞ്ഞ പീരീഡ്?
ഉത്തരം:ഒന്നാമത്തേത്

*ഭൂമിയിൽ ഒരു വസ്തുവിന് ഏറ്റവും കൂടുതൽ ഭാരം അനുഭവപ്പെടുന്നതെവിടെയാണ്?
ഉത്തരം:ധ്രുമത്തിൽ

*റോക്കറ്റുകളുടെ പ്രവത്തനത്തിൽ അടങ്ങിയിരിക്കുന്ന നിയമം എത്?
ഉത്തരം:ന്യൂട്ടന്റെ മൂന്നാമത്തെ ◌ നിയമം

*ജലം ഏറ്റവും കൂടുതിൽ ആഗിരണം ചെയ്യുന്ന നിറം?
ഉത്തരം:ചുവപ്പ്

*സൂര്യപ്രകാശത്തിൽ അടങ്ങിയിരിക്കുന്ന നിറം?
ഉത്തരം:വിബ്ജിയോർ

*മിന്നലിനെ കുറിച്ച് ആദ്യം പഠനം നടത്തിയ ശാസ്ത്രജ്ഞൻ?
ഉത്തരം:ബഞ്ചമിൻ ഫ്രാങ്കിൻ

*താപത്തിന്റെ യൂണിറ്റത്?
ഉത്തരം:കലോറി

*പ്രകാശത്തിന്റെ കണികാസിദ്ധാന്തം അവിഷ്കരിച്ച ശാസ്ത്രജ്ഞൻ?
ഉത്തരം:ന്യൂട്ടൻ

*പ്രകൃതിദത്തമായകാന്തം?
ഉത്തരം:ലോഡ്സ്റ്റോൺ

*ഒരു കുതിര ശക്തി എത്ര വോൾട്ടിന് തുല്യമാണ്?
ഉത്തരം:746വാട്സ്

*ശരീരത്തിലെ ഏറ്റവും വലിയ രാസവസ്തുശാല?
ഉത്തരം:കരൾ

*മീൻ വളർത്തുന്നതിനു പറയുന്ന പേര്?
ഉത്തരം:പിസിക്കൾച്ചർ

*ബാക്ടീരിയോളജിയുടെ പിതാവ്?
ഉത്തരം:ലൂയി പാസ്ചർ

*നാഡീവ്യൂഹമുണ്ടെങ്കിലും തലച്ചോറില്ലാത്ത ജീവി?
ഉത്തരം:ഹൈഡ്ര

*ഉയർന്ന ആവൃത്തിയുള്ള ശബ്ദം കേൾക്കൻ കഴിവുള്ള മൃഗം?
ഉത്തരം:നായ

*പട്ടുനൂൽപുഴ വളർത്തലിനു പറയുന്നപേര്?
ഉത്തരം:സെറിക്കൾച്ചർ

*ഏറ്റവും ചെറിയ ചിറകുള്ള പക്ഷിയേത്?
ഉത്തരം:വാണ്ടറിങ്ങ് ആൽബട്രോസ്

പ്രത്യുഷ എസ്സ് 9ബി

ഉപന്യാസം

# ഗ്രാമങ്ങളിൽ നിന്ന് നഗരങ്ങളിലേക്ക് - നരകത്തിലേക്ക്

ഒരു വേദനയോടെയാണ് ഞാൻ ഇത് എഴുതുന്നത്... എന്റെ ഗ്രാമം അത് എന്തായിരുന്നു, എങ്ങനെ ആയിരുന്നു എന്ന് ഒരു മായാ സ്വപ്നം പോലെ ഇപ്പോഴും മനസ്സിലുണ്ട്. ജീവിതത്തിന്റെ നല്ല നിമിഷങ്ങളായിരുന്നു നാം പണ്ട് ജീവിച്ചിരുന്നത് എന്ന് ഒരു വിങ്ങലോടെ ഞാൻ ഓർക്കുന്നു. അന്ന് കണ്ട സ്വപ്ന നഗരജീവിതം ഇന്ന് നരകതുല്യമായെന്നും ഈ നിമിഷം മനസ്സിലാകുന്നു. ഗ്രാമങ്ങൾക്ക് പല പ്രത്യേകതകളും ഉണ്ടായിരുന്നു. ശെരിക്കും ഒരു തണൽ ആയിരുന്നു. സ്നേഹത്തിന്റെ തണൽ, സൗഹൃദത്തിന്റെ തണൽ.... കിളികളുടെ രാഗങ്ങളും പുഴകളുടെ താളങ്ങളും അമ്പലത്തിൽ നിന്ന് ഉയരുന്ന കീർത്തനങ്ങളും മുങ്ങാം കുഴിയിട്ട് മുങ്ങുന്ന കുളങ്ങളും കാലവർഷം നോക്കിയിരുന്നു പെയ്യുന്ന കോരിച്ചൊരിയുന്ന പേമാരിയും തോടിനു കുറുകെ നിന്നുള്ള ചൂണ്ടഇടലും, ചൂണ്ടയിട്ട് കിട്ടുന്ന മീന് കൊണ്ടുള്ള നല്ല നാടൻ മീന് കറിയും വയലിന്ന് വിളവ് എടുത്ത കപ്പയും കൂടിയുള്ള ആ കഴിപ്പും, പറയുമ്പോഴേക്കും നാവിൽ വള്ളം കളിയാണ്... ഇപ്പൊ ഗ്രാമം എന്നത് വെറുമൊരു സങ്കൽപം മാത്രമായി മാറിക്കൊണ്ടിരിക്കുന്നു.. ഇംഗ്ലീഷിൽ പറഞ്ഞാൽ "Nostalgia " ആയി മാറി...

ജീവിത തിരക്കിന് ഇടയിൽ ഗ്രാമങ്ങളെ മറന്ന് നഗരങ്ങളിൽ ചേക്കേറി.. പക്ഷേ ഒന്ന് ഓർക്കുക ഈ ദേശാടനത്തിനിടയിൽ നമ്മുക്ക് ലഭിച്ച ഈ സൗഭാഗ്യങ്ങള് ഒരു നോക്കു കാണാൻ പോലും അവസരം കിട്ടാതെയാണ് ഇനി വരുന്ന തലമുറ വളരുന്നത് എന്ന്.. അവർക്കു ചുറ്റും അന്ന് യാന്ത്രികമായി യന്ത്രത്തിന് സമാനമായി ചലിക്കുന്ന പുറമെ മാത്രം മനുഷ്യരെന്ന് തോന്നിപ്പിക്കുന്ന ആത്മാവ് നഷ്ടപ്പെട്ട കുറച്ച് പേരെ ആയിരിക്കും.. പാടങ്ങൾ മാറ്റി ആകാശം മുട്ടുന്ന ആംബര ചുംബികളായ കെട്ടിടങ്ങളും മാളുകളും ഇടയിൽ ശ്വാസം മുട്ടി സ്വയം ജീവിതം മുന്നോട്ട് തള്ളിനീക്കുന്നു . പക്ഷേ ഒന്നുണ്ട് ഈ നെട്ടോട്ടം അവസാനിക്കുമ്പോഴേക്കും ഒരു നൊമ്പരത്തോടെ, കാലത്തിന് ഇതളുകൾ പൊഴിയുന്നുണ്ട് എന്നും ഇപ്പോൾ തന്റെ മനസ്സ് ഒരു വസന്തത്തിന് ആഗ്രഹമുണ്ടെന്നും മനസ്സിലാകും.

മോടിപിടിപ്പിച്ച നഗരങ്ങളിലേക്ക് പോകുമ്പോൾ തന്റെ വരും തലമുറയ്ക്ക് നല്ല സൗകര്യങ്ങളും സംവിധാനങ്ങളും ലഭിക്കണമെന്ന് കരുതി ചെയ്യുന്നത്, അവർക്ക് നഷ്ടപ്പെട്ടത് അവർക്ക്

ലഭിക്കേണ്ട സ്വർണ്ണത്തിൽ  ചാലിച്ച ഓർമ്മകളായിരുന്നു. ഇതിന് നമ്മുക്ക് കഴിയാതെ പോകുമ്പോൾ നമ്മുടെ നഗരങ്ങളും പൂർണമായും നാളെ നരക തുല്യമായി  മാറും..... വെറും ആത്മവില്ലാത്ത നഗരം.....

ഭരത് 8എ

# സ്വപ്നം കണ്ടുണർന്ന പെൺകുട്ടി

ഇന്ന് അവൾ ജനിച്ചു . പാവപ്പെട്ട കൃഷിക്കാരനായിരുന്നു അവളുടെ അച്ചൻ .ആറ്റുനോറ്കുഞ്ഞാണ് .
അയാൾ ആ കുഞ്ഞിന് അനുഗ്രഹ എന്ന് പേരിട്ടു . അവളുടെ ജനനസത്തോട് കൂടി അവളുടെഅഏഏഏമരിച്ചു.
അങ്ങനെ അവൾക്ക് പ്രയം അഞ്ച്. അമ്മ ഇല്ലാത്തകുട്ടിയായത് കൊണ്ട് തന്നെ അച്ചന് അവളോട് നല്ല ഇഷ്ടമായിരുന്നു. അച്ചൻ അവളെ നന്നായിപഠിപ്പിക്കാൻ വേണ്ടി ധാരാളം കൃഷി സ്ഥലത്ത് കിടന്ന് അധ്വാനിച്ചു.ഇതൊക്കെ കണ്ട് വളർന്ന കുട്ടിയായത് കൊണ്ട്
അവളുടെ മനസ്സിൽ അവൾക്ക് പഠിക്കണമെന്ന് ആഗ്രഹം തോന്നി. അവളെ കൂടിയ സ്കൂളിൽത്തന്നെ എൽ.കേ.ജി.യിൽ ച്ചേർത്തു ്വൾക്ക പുസ്തകങ്ങൾ വാങ്ങിക്കൊടുത്തു .ആദ്യദിവസം തന്നെ അധ്യാപിക ഓരോരുത്തരേയും പരിചയപ്പെട്ടു.എല്ലാം കളക്റ്ററുടേയും ,പോലീസുകാരുടെയും മക്കളായിരുന്നു.അവൾ മാത്രം കൃഷിക്കാരന്റെ,ആ കുട്ടികൾക്കൊന്നും അവളെ ഇഷ്ടമായില്ല. അവൾ അടുത്തുച്ചെല്ലുമ്പോൾ അവർ പറയും "അയ്യേ ഇത് കൃഷിക്കാരന്റെ മകളാ. ദേഹം മുഴുവൻ ചെളിയാ. അവരാരും അവളെ കൂട്ടത്തിൽക്കൂട്ടിയില്ല. അത് അവളുടെ കുഞ്ഞുമനസ്സിനെ ഒരുപാട് വേദനിപ്പിച്ചു.അവൾ അത് അച്ഛനോട് . പറഞ്ഞു. അപ്പാൾ അച്ഛൻ പറഞ്ഞു . " കുഞ്ഞേ നീ അവരോട് ഒരു വഴക്കിനും പോകണ്ട .നീ അവറെ തോൽപ്പിിക്കാണ്ടത് വാക്ക് കൊണ്ടല്ല. പ്രവർത്തികൊണ്ടാ , നീ പഠിച്ച് എല്ലാത്തിനും ഒന്നാമതായി കാണിച്ചു കൊടുക്കണം . അപ്പോൾ അവർ നാണം കൊടും . അതിലും വലിയ ഒരു തിരിച്ചടിയും
അവർക്ക് കൊടുക്കാനില്ല. അച്ചന്റെ ആ വാക്കുകളാണ് അവൾക്ക് പിന്തുണയേകിയത് . അവൾ ധൈര്യ-
ത്തോടെ മുന്നേറി ക്ലാസിൽ ഒന്നാമതായി . അപ്പോൾ അവളോട് അവളോട് അധ്യാപിക ചോദിച്ചു . "നിനക്ക് ആരാകണമെന്ന് ? ഈ നാട്ടിൽ നടക്കുന്ന അനീതിക്കെതിരെ പ ത്തി്ക്കുന്ന ഒരു പോലീസ്
ഓഫീസർ ആകണമെന്ന . എന്നാൽ മറ്റുള്ളവർ അതിനെ പുശ്ചിച്ച് തള്ളി . ഒരു കർഷകന്റെമകൾ പോലീസ് ആകാനോ . അവർ കളിയാക്കി. എന്നാൽ അവൾ ഒട്ടും പതറിയില്ല. അവൾ അച്ഛന്റെ വാക്ക് മനസ്സിൽ വിചാരിച്ച് ആത്മാർത്ഥമായി പഠിച്ചു. ഇപ്പോൾ പത്താംക്ലാസ്സിലാണ്. എസ് എസ് എൽ സി പരീക്ഷയിൽ ഒന്നാമത് എത്തണം.താൻ ഒരു പോലീസ് ഓഫീസറാകണം.തന്റെ അച്ഛൻ ചെളിയിൽ പണിയെടുത്തും കഷ്ടപ്പെട്ടും തന്നെ പഠിപ്പിക്കുന്നതിന്റെ ഫലം അച്ഛന് നൽകണം. അവളുടെ സ്വപ്നം അതായിരുന്നു. ഒരു പോലീസ് ഓഫീസറാകുക. തന്റെ കൂട്ടുകാർക്കെല്ലാം ട്യൂഷനുണ്ട്.എന്നാൽ ഒരു ട്യൂഷനുമില്ലതെ,വീട്ടിലെ ഇരുട്ടത്ത് മണ്ണെണ്ണ വിളക്ക് കത്തിച്ചുവെച്ച് അവൾ പഠിപ്പിച്ചു.അങ്ങനെ അവൾ എസ് .എസ്.എൽ.സി എഴുതി .റിസൽട്ട് വന്നു. അതിൽ ഒന്നാമം സ്ഥാനം തനിക്കായിരുന്നു എന്ന് അച്ഛനോട് പറഞ്ഞപ്പോൾ അച്ഛന് സന്തോഷം സഹിക്കാൻ കഴിഞ്ഞല്ല.എന്നാലും അച്ഛന്റെ ഉള്ളിൽ ഒരു തേങ്ങലുണ്ടായിരുന്നു. താൻ എങ്ങനെ തുടർന്നും മക്കളെ പഠിപ്പിക്കും എന്ന്. എന്നാലും അച്ഛൻ അവളെ പഠിപ്പിച്ചു .അവൾ നന്നായി പഠിച്ചു . india police serviceഓഫീസർ എന്ന ലക്ഷ്യം മുന്നിൽ കണ്ട് അവൾ പഠിച്ചു . ആരുടെയും പരിഹാസങ്ങൾ അവൾ ശ്രദ്ധിച്ചില്ല . അവൾ Test എഴുതി . റിസൽട്ട് വന്നു. അതിലും അവളായിരുന്നു മുന്നിൽ. അങ്ങനെ അവൾ ips

ആയി . തന്നെ പരിഹസിച്ചവരെല്ലാം തന്നെ നോക്കി സല്യൂട്ട് ചെയ്തു . അങ്ങനെ വെറും കർഷകന്റെ മകളായിരുന്ന അനുഗ്രഹ , അങ്ങനെ അനുഗ്രഹ ips ആയി . അവൾ ഓടി ച്ചെന്ന് അച്ചന് സല്യൂട്ട് ചെയ്തു . അച്ചനാണ് എന്നെ ഈ നിലയിൽ എത്തിച്ചത് . അച്ചനും സന്തോഷം സഹിക്കാൻ കഴിഞ്ഞില്ല . അങ്ങനെ അവൾ തന്നെ പരിഹസിച്ചവരുടെ മുൻപിൽ

തലയുയർത്തി നിന്നു . അനഗ്രഹ ഇപ്പോൾ അനുഗ്രഹ ips ആയി . തന്റെ ലക്ഷ്യത്തിലെത്തിയ സന്തോഷമായിരുന്നു . അന്ന് മുഴുവൻഅവൾക്ക് . അങ്ങനെ സ്യപ്നം കണ്ടുണർന്ന ലക്ഷ്യത്തിലെത്തിയ പെൺകുട്ടിയായി മാറി അനുഗ്രഹ ഐ.പി.എസ്.

ഗുണപാഠം

*സ്വപ്നം കാണുകാ ലക്ഷ്യത്തിലെത്തുക.പ്രതിസന്ധികളെ തരണം ചെയ്യുക.മറ്റുള്ളവരുടെ പരിഹാസത്തിന് നമ്മൾ തിരിച്ചു നൽകേണ്ടത് നന്നായി പഠിച്ചു മുന്നേറുക എന്നതാണ്.

ജ്യോതി ലക്ഷ്മി 10 ബി

# പ്രവൃത്തിപഠനം

വൈകാരികവും വൈജ്ഞാനികവുമായ മേഖലകളുടെ സമന്വയവും വികാസവും സാധ്യമാക്കുന്നതിന് പ്രവൃത്തിപരിചയവിദ്യാഭ്യാസം അനിവാര്യമാണ്.

ഓരോ പ്രവൃത്തിപഠന ക്ലാസിന്റെയും അടിത്തറമാനവശേഷി വികസനമായിരിക്കണം. എല്ലാ പൗരന്മാരുടെയും ശേഷികളും കഴിവുകളും രാഷ്ട്രനിർമാണത്തിനുതകുന്ന രീതിയിൽ വളർത്തിയെടുക്കുക എന്നതാണ് മാനവശേഷി വികസനം കൊണ്ടുദ്ദേശിക്കുന്നത്. തൊഴിലിനോട് ആഭിമുഖ്യമുള്ളതും തൊഴിൽ ചെയ്യുന്നവരെ ആദരിക്കുന്നതും സാമൂഹികബോധമുള്ള പുതിയ ഒരു തൊഴിൽസംസ്കാരത്തിന്റെ വക്താക്കളാക്കി പുതിയ തലമുറയെ വാർത്തെടുക്കുന്നതും പ്രവൃത്തിപഠനത്തിന്റെ സുപ്രധാന ലക്ഷ്യങ്ങളാണ്.

*മാനവശേഷിവികസനം

*ദേശിയപുരോഗതി

*തൊഴിൽസന്നദ്ധത

*ഉൽപ്പാദന രംഗത്തെ സ്വാശ്രയത്വം

*സന്തുലിത വ്യക്തിത്വവികസനം

*മൂല്യങ്ങളും മനോഭാവങ്ങളും വളർത്തൽ

കലാപഠനത്തിനും പ്രവൃത്തിപഠനത്തിനും പ്രധാന്യം കൊടുത്തുകൊണ്ടുവേണം പാഠ്യപദ്ധതി വിനിമയം ചെയ്യേണ്ടത്. ഇവയുടെ തനതു സാധ്യതകൾ നിലനിർത്തുന്നതനൊപ്പം വ്യത്യസ്ത വിഷയങ്ങളുമായി ഉദ്ഗ്രഥിച്ചും വിനിമയം ചെയ്യേണ്ടത് ആവശ്യമാണ്.

മേരി ഹെലൻ (അദ്ധ്യാപിക)

കവിത

# ഓർമ്മപ്പക്ഷി

പെയ്തു തോർന്ന മഴയിൽ
കാറൊഴിഞ്ഞ മാനിൽ
ആർദ്രമായിവ മറഞ്ഞു
ഒരു കുഞ്ഞു നക്ഷത്രം

ഓർത്തെടുത്ത കഥ തൻ
നേർത്ത രാവിൽ കൂട്ടിൽ
ആരുമറിയാതെ തേങ്ങി
ആ മലർ പൈങ്കിളി

ചില്ലകൂട്ടിനരികിൽ
പാതിതോർന്ന
മെനഞ്ഞെടുത്ത വരികൾ
ഏറ്റുപാടിയന്ന നീ

സ്വരമിടഞ്ഞ ശ്രുതിയിൽ
പാട്ടുനിർത്തിയ പൈങ്കിളി
പാതി മാഞ്ഞ മാഞ്ഞിൽ
തഴുകിയെത്തി കാറ്റായി

വന്നണഞ്ഞ സന്ധ്യയിൽ
മറഞ്ഞുപോയ പക്ഷി
അകന്നു പോയ കനവിൽ
വീണ്ടും പറന്നു വരുമോ ?

കാവ്യ കണ്ണൻ 10ബി

# പ്ലാസ്റ്റിക് മാലിന്യങ്ങൾ -ഒരു സാമൂഹികവിപത്ത്

ജീവിതം സുഖപൂർണമാക്കാനുള്ള മനുഷ്യൻെറ അന്വേഷണം സംഭാവനചെയ്ത ഒരു വസ്തുവാണ് പ്ലാസ്റ്റിക്.സമയത്തെയും സൗകര്യത്തെയും മെച്ചപ്പെടുത്തുക എന്ന ആശയം നൂതന കണ്ടുപിടിത്തങ്ങൾക്ക് അടിത്തറയാകുന്നു. കൊണ്ടുനടക്കാനും സൂക്ഷിച്ചുവയ്ക്കാനും കൈമാറ്റം ചെയ്യാനും വൃത്തിയായി വയ്ക്കാനും മനുഷ്യനെ ഏറെ സഹായിച്ച പ്ലാസ്റ്റിക് ഇന്ന് ഭൂമിയുടെ കാലനാണ്. ഏതൊരു വസ്തുവും നശിക്കുകയോ മാറ്റത്തിനു വിധേയമാവുകയോ ചെയ്തില്ലെങ്കിൽ എന്തായിരിക്കും സ്ഥിതി! ഒന്നു കണക്കുകൂട്ടിനോക്കൂ; ഭൂമിക്ക് ഭാരമാവില്ലേ ! ഏതായാലും,നിലനിൽപ്പ് നാശത്തിലൂടെയാണെന്ന് .കാണാം . ഇവിടെയാണ് പ്ലാസ്റ്റിക് വിജയിച്ചത് . അവൻ മരിക്കുന്നില്ല. അതുകൊണ്ടുതന്നെ മണ്ണിനു താങ്ങാനാവാത്ത വിധം ഭീമകരമാണ് അതിന്റെ സാന്നിധ്യം .

ചൂടും മർദവും നിശ്ചിത അളവിൽ നൽകി അടിച്ചു പരത്താവുന്നതും വലിച്ചു നീട്ടാവുന്നതും ദ്രവരൂപത്തിലാക്കി ആവശ്യമുള്ള ആകൃതിയും വലുപ്പവും നൽകി എടുക്കാവുന്നതു മായി പോളിമറിക് വസ്തുക്കളാണ് പ്ലാസ്റ്റിക്ക്. ഭാരക്കുറവാണ് അതിന്റെ ഏറ്റവും വലിയ സവിശേഷത.അസംസ്കൃത വസ്തുവിന്റെ ലഭ്യത കൂടുതലായതിനാൽ വില കുറവാണ് .അൻപതു പൈസയ്ക്ക് ഒരു പ്ലാസ്റ്റിക്ക് ബാഗ് ലഭിക്കുമെന്നതാണ് അതിന്റെ വ്യാപത്തിനു സഹായിച്ച മറ്റൊരുകാര്യം .മറ്റൊന്നുകൂടിയുണ്ട് ;ജൈവവിഘടനം സംഭവിക്കാത്തതിനാൽ ഏറെനാൾ നിലനിൽക്കും .നനയാത്തതും എളുപ്പത്തിൽ വൃത്തിയാക്കാൻ കഴിയുന്നതുമാണ് പ്ലാസ്റ്റിക് .മേന്മകൾ ഏറിയപ്പോൾ എല്ലാ ആവശ്യത്തിനും പന്തിയിൽ ഇലയ്ക്കുവരെ കേരളീയർ പ്ലാസ്റ്റിക് ഉപയോഗിച്ചു .പ്ലസ്റ്റിക് ഉപയോഗിക്കുന്ന കാര്യത്തിൽ ലോകത്ത് മുൻപന്തിയിൽ കേരളമാണ് .പ്ലസ്റ്റിക്കിന്റെ കണ്ടുരിടിത്തം സമസ്തമേഖലകളിലും വലിയ മാറ്റം വരുത്തി .പ്സ്ാറ്റിക് എല്ലാ മേഖലകളിലും ആധിപത്യം സ്ഥാപിച്ചതോടെ ഒഴിച്ചു നിർത്താനാവാത്ത ഒന്നായി മാറി .പ്ലാസ്റ്റിക് ബോട്ടിലുകൾ,യന്ത്രങ്ങളുടെ വിവിധ ഭാഗങ്ങൾ , പേനകൾ, ക്യാരിബാകുകൾ, കളിപ്പാട്ടങ്ങൾ , വീട്ടുപകരണങ്ങൾ.മേശ ,കസേര ,കട്ടിൽ തുടങ്ങിയവ എന്നിങ്ങനെ ഏറ്റവും ചെറിയ വസ്തുക്കൾവരെ പ്ലസ്റ്റിക്കിൽ നിർമ്മിക്കാൻ കഴിഞ്ഞു .മനുഷ്യന് അത്യാവശ്യം വേണ്ട എന്തും ഇന്നും പ്ലാസ്റ്റിക്കിൽ ലഭിക്കും .ഉപ്പു തൊട്ട് കർപ്പൂരംവരെ പ്ലസ്റ്റിക് കവറു കളിലാണ് ലഭിക്കുന്നതെന്ന് പ്രത്യേകിച്ച് പറയേണ്ടതില്ലല്ലോ.

പ്ലാസ്റ്റിക് ഇന്ന് ഒരു പാരിസ്ഥിതിക പ്രശ്നമാണ് ലോകത്ത് എവിടെയും .അമേരിക്കപോലുള്ള രാജ്യങ്ങൾ പ്ലസ്റ്റിക് കടലിലാണ് തള്ളുന്നത് .കോടിക്കണക്കിന് ടൺ പ്ലസ്റ്റിക് കടലിലാണ് കിടക്കുന്നതുകാരണം വൻ

പാരിസ്ഥിതിക പ്രശ്നങ്ങൾ ഉണ്ടാവുമെന്ന് ലോക രാജ്യങ്ങൾ മുന്നറിയിപ്പുനൽകിയിട്ടുണ്ട്.കേരളത്തെ തുറിച്ചു നോക്കുന്ന ഏറ്റവും വലിയ സാമൂഹികവിപത്താണിത് .നശിക്കുന്നില്ലെന്നതാണ് ഇതിന്റെ പ്രധാന കാരണം. നിയമസഭാ പരിസ്ഥിതിക്കമ്മിറ്റിയുടെ കണക്കനുസരിച്ച് സംസ്ഥനത്തെ 65ലക്ഷം വരുന്ന കുടുബങ്ങൾ പ്രതിദിനം മൂന്നു മുതൽ ഇരുപതുവരെ പ്ലസ്റ്റിക് ക്യാരിബാഗുകൾ ഉപയോഗിക്കുന്നു. കനം കുറഞ്ഞ പ്ലസ്റ്റിക് കവറുകൾ ,കുപ്പികൾ ,എന്നിവയാണ് ഏറ്റവും വലിയ അപകടകാരികൾ. ഓടകളിലും മലിനജലം നിർഗമിക്കുന്ന കുഴലുകളിലും .അടിഞ്ഞുകൂടി മലിനജലത്തിന്റെ ഒഴുക്ക് തടയുന്നു.ഭ്രമിയിൽ കുഴിച്ചിട്ടാൽ യാതൊരു കേടുംകൂടാതെ എത്രനാൾ വേണമെങ്കിലും അങ്ങനെ കിടക്കും .ഉപയോഗിച്ചു വലിച്ചെറിയുന്ന പ്ലസ്റ്റിക് ഗ്ലാസുകൾ ,ചെറുപാത്രങ്ങൾ ,കുപ്പികൾ എന്നിവ കൊതുകിന്റെ വംശവർധനാ കേന്ദ്രങ്ങളായി മാറുന്നു.

കൃഷ്ണ എസ് 9ബി

# സുന്ദരി പൂമ്പാറ്റ

മുറ്റത്തെത്തിയ പൂമ്പാറ്റെ
ഇത്തിരി നേരം നിന്നാട്ടെ
പൂംചിറകോലും നിന്നോടിത്തിരി
കിന്നാരങ്ങൾ ചൊല്ലട്ടെ
എതേതെല്ലാം പൂവുകൾ തോറും
തേൻ നുകരനായ് നീ ചെന്നു
വർണ്ണ മനോഹരിയായ നിനക്കായ്
എന്തെല്ലാം അവർ കൈമാറി
ചേലിൽ പാറി പാറി നടക്കും
പൂമ്പാറ്റെ നീ ഭാഗ്യവതി
പല പല കാഴ്ച്ചകൾ
കണ്ടു രസിക്കാൻ
എന്നെ കൂടി കൂട്ടാമോ

കാവ്യ 10ബി

# സംഗീതം

പ്രകൃതിയിലെ ഇമ്പമുള്ള ശബ്ദങ്ങളാണ് നാദങ്ങൾ.നാദങ്ങളുടെ ക്രമമായ കൂടിച്ചേരലാണ് സംഗീതം . ആദികാലം മുതൽ സംഗീതമുണ്ട്. മനുഷ്യൻ പരിഷ്കൃതനാവുന്നതിനനുസരിച്ച് സംഗീതവും പരിഷ്ക്കരിക്കപ്പെട്ടുതുടങ്ങി .ശബ്ദം,വാക്ക്, ചലനം എന്നിവയുടെ ഒത്തുചേരലാണ് സംഗീതം. അത് ഒരേ സമയം കലയും ശാസ്ത്രവുമാണ് മാനുഷികവികാരങ്ങളെ ഭാഷാതീതമായി പ്രകടിപ്പിക്കാൻ കഴിയുന്നു എന്നതാണ് സംഗീതത്തിന്റെ സവിശേഷത

പഠനോദ്ദേശ്യങ്ങൾ

* വിവിധ സംഗീതരൂപങ്ങളെ പരിചയപ്പെടുന്നതിനും അതിന്റെ ആസ്വാദ്യത ഉൾക്കൊള്ളുന്നതിനും

* കുട്ടികൾക്ക് സംഗീതത്തോട് ആഭിമുഖം വളർത്തുന്നതിന്

* സംഗീത രൂപങ്ങൾ പരിചയപ്പെടുന്നതു വഴി സാംസ്കാരികതനിമയെ തിരിച്ചറിയുന്നതിനും സാംസ്കാരികാവബോധം വളർത്തുന്നതിനും

* സംഗീതജ്ഞരെ അറിയുന്നതിനും ദേശീയമായ കാഴ്ചപ്പാട് രൂപീകരിക്കുന്നതിനും

* സംഗീതത്തിന്റെ ചരിത്രത്തെ മനസ്സിലാക്കുന്നതിന്

*ഒറ്റയ്ക്കും കൂട്ടായും വിവിധ ഗാനാലാപനങ്ങളിൽ ഏർപ്പെടുന്നതിന്

വിവിധ വിഭാഗങ്ങൾ

* വായ്ത്താരികൾ

*ശിശുഗനങ്ങൾ , കടങ്കഥപ്പാട്ടുകൾ , പഴഞ്ചൊൽപ്പാട്ടുകൾ, കഥാഗാനങ്ങൾ

*നാടൻ പാട്ടുകൾ

*ലളിതഗാനങ്ങൾ

* വിവിധ കലാരൂപങ്ങളുമായി ബന്ധപ്പെട്ട ഗാനങ്ങൾ

* ദേശീയഗാനം ,ദേശഭക്തിഗാനങ്ങൾ

* ഉപകരണസംഗീതം

മേരി (അദ്ധ്യാപിക)

# ഉദയസൂര്യൻ പറയുന്നത്

ഉദയസൂര്യൻ പറയുന്നത്
കാണാൻ സൂന്ദരനാണലോ
പുഞ്ചിരി ൂകുയാണലോ
സൂര്യ നിലാവേളി ുൂകുന്നേരം
പുഞ്ചിരി ൂകുക്കയാണലോ

ഭൂമി കാണാൻ ചെലാണേ
ഭൂമിയിലെറാൻ കെതിയാണേ
പെയ്യും മഴ ഒരു സങ്കടമാണേ
പുഞ്ചിരി ദുഃഖമതാണലോ

എന്നുടെ പുഞ്ചിരി കാണുമ്പോൾ
പെൈതങ്ങൾ എൻ വിളി കെൾക്കുമ്പോൾ
പുഞ്ചിരിൂകാൻ നല്ലോരു നിമിഷം
നീ എൻ വിളി കെൾക്കുമ്പോൾ

കിഴക്ക് ഉദിക്കും സൂര്യൻ ഞാൻ
നിലാവ് ൂക്കും ചങ്ങാതി
കേരളം എന്നുടെ നാടാണേ
കേരള ഗാനം സുഖമാണേ
(കാണാൻ സുന്ദരൻ)

ദേവിക 10എ

# സ്വപ്നത്തിലൂടെ

നമ്മുടെ കഥ തുടങ്ങുന്നത് ഒരു കൊച്ചു ഗ്രാമത്തിലാണ്. പച്ചപ്പും വയലുകളും കുളവും കൃഷികളും ഉള്ള ഒരു ഗ്രാമം. ആ ഗ്രാമത്തിലുള്ള ഒരു പെൺക്കുട്ടിയുടെ കഥയാണിത്. ആ കുട്ടിയുടെ പേര് ലത. അവൾ നന്നായി പഠിക്കും .അവളുടെ ഗ്രാമത്തിലെ ഒരു ചെറിയ സ്കൂളിലാണ് ലത പഠിക്കുന്നത്. പഠിക്കാൻ മിടിക്കിയായവൾ 8ാ‍ാം ക്ലാസ്സിലാണ് പഠിക്കുന്നത്. തൻെറ സ്വപ്നങ്ങളെ യാഥാർത്ഥ്യമായി തീർക്കാനാണ് അവൾക്ക് . അതിനാൽ സ്വപ്നം കാണുന്നതിലും പിറകോട്ടല്ലായിരുന്നു. തൻെറ ജീവിതം അവൾ വിചാരിക്കുന്നതു പോലെ ആയി തീരണമെന്നു അവൾക്ക് ഏറെ താൽപര്യമാണ്. ലതയുടെ അച്ഛനും അമ്മയ്ക്കും ഏക മകളായിരുന്നു അവൾ . അച്ഛൻ കർഷകൻ ആയിരുന്നു. അതിനാൽ വീട്ടാവശ്യങ്ങൾകുഴപ്പമില്ലാതെ നിറവേറുമായിരുന്നു. അവൾ അച്ഛൻെറ അടുത്ത് തൻെറ ആഗ്രഹങ്ങൾ എപ്പോഴും പറയുമായിരിന്നു. ലതയുടെ ആഗ്രഹവും സ്വപ്നവുമൊക്കയും ഇതായിരുന്നു അച്ഛനെയും അമ്മയെയും നന്നായി നോക്കണം പഠിച്ച് ഒരു വലിയ നിലയിൽ എത്തണമെന്നാണ്. ഇതും സ്വപ്നക്കണ്ട് നടക്കുന്ന ലതയ്ക്ക് അവളുടെ ലക്ഷ്യം കാണാൻ ഇനിയും കഴിഞ്ഞിട്ടില്ല.അതിനു വേണ്ടി താൻ വളരെ അധികം പരിശ്രമിക്കുന്നുണ്ട്. അവൾ എന്നും ഉറക്കം ഉണരുന്നത് ഇത് ഓർത്തിട്ടാണ്. എന്നെങ്കിലും ഒരുനാൾ അവൾ ഉണരുമ്പോൾ അവളുടെ സ്വപ്നങ്ങൾ യാഥാർത്ഥ്യമായി തീരും. ആ ദിവസത്തിനായി അവൾ കാത്തിരിക്കുന്നു....

ലയ 10എ

# മാതാവ്

സ്നേഹമാകുന്ന മധുനിറയുന്ന
അനഘമായ പൂവാണ്
എന്റെ അമ്മ
പതിവായി തേൻ കുടിക്കുന്ന
മധുക്ഷികയാകുന്നു ഞാൻ
അമ്മതൻ   മധുവിന്റെ മധുരത്താൽ
എന്റെ ജിവീത നാളുകൾ കടന്നുപോകുന്നു
അമ്മതൻ മധുവ......

ഗോപിക 9ബി

# കഥാപഠനം

സർഗാത്മകത, നിരീക്ഷപാടവം, വ്യതിരിക്തബുദ്ധി തുടങ്ങിയവ കുട്ടികളിൽ വളർത്താൻ കലാപഠവനം അത്യന്താപേക്ഷിതാണ് പുതിയ പാഠ്യപദ്ധതിസമീപനത്തിൽ പൊതുവിഷയങ്ങൾക്കൊപ്പം പ്രാധാന്യം നൽകിയാണ് കലപഠനത്തെയും കണക്കാക്കുന്നത് സ്കൂൾ പാഠ്യപദ്ധതിയിൽ കലാപഠനത്തിന് സംഗീതം, നൃത്തം, ചിത്രരചന, ശില്പ, രചന, നാടകം, സിനിമ എന്നീ ഇനങ്ങളാണ് ഉൾപ്പെടുത്തിയിട്ടുള്ളത്. കുട്ടികളുടെ ഉത്തരം മഖേലകളിലുള്ള കളിവുകൾ തിരിച്ചറയാനും പുഷ്ടിപ്പെടുത്താനും കഴിയേണ്ടതുണ്ട്.

കഥാപഠനത്തിന്റെ പൊതുവായ ലക്ഷ്യങ്ങൾ

*പഠിതാവിന്റെ നൈസർകമായ കലാവാസനകൾ തിരിച്ചറിഞ്ഞ് പരിപോഷിപ്പിക്കുക.
*വിവിധങ്ങളായ കലകളെ ്റിയുന്നതിനും കുട്ടിയുടെ അഭിരുചിക്കനുസരിച്ച് അവ അഭ്യസിക്കുന്നതിനുള്ള അവസരങ്ങളൊരുക്കുക.
*വിലിധ കലകൾ ാസ്വദിക്കുന്നതിനും അവയിലെ സൗന്ദര്യാത്മകത ഉൾക്കൊള്ളുന്നതിനും .
*കലകളുടെ ആസ്വാദ്യത ഉൾകൊണ്ട് സാമൂഹികജീവിതത്തിൽ മാനവികമായ കാഴ്ചപ്പാടുകൾ രൂപീകരിക്കുന്നതിന്.
*സാംസ്കാരികവൈവിദ്യം തിരിച്ചറിഞ്ഞ് സാംസ്കാരികാവബോധം വളർത്തുന്നതിന്.

മേരി ഹെലൻ (അദ്ധ്യാപിക)

# ഇന്നലെ അയാൾ പറഞ്ഞകഥ

ഒരിടത്ത് ഒരു ദരദ്രനയാ ഒരാൾ താമസിച്ചിരുന്നു. അയാൾക്ക് ആരുംമില്ല.എല്ലാവരും അയാളെ ഉപേക്ഷിച്ചു. അയാളുടെ ഭാര്യ മുമ്പേ മരിച്ചു.ഇപ്പോൾ മരിച്ചിട്ട് രണ്ട് വർഷമായിക്കാണും. പക്ഷെ,അയാൾക്ക് മൂന്നുമക്കളുണ്ട് . അവർക്ക് ഒരുപ്പാട് പേരക്കുട്ടികളുമുണ്ട് . അവർക്ക് ആരും ഭക്ഷണം കൊടുക്കുന്നില്ല. അയാളുടെ ചെലവിന് അയാൾ തന്നെ റിക്ഷ ഓടിക്കുന്നു.അയാളുടെ മക്കളെ പഠിപ്പിച്ചത് ഒരു പാട് ജോല്ലിചെയ്തതീട്ടാണ്. രണ്ടു ആൺമക്കുട്ടിയും ഒരു പെൺക്കുട്ടയുമാണുളത്. അയാളുടെ മക്കളുടെ സ്വഭാവം അറിയാമായിരുന്നു.മക്കൾ വലുതായാൽ അയാളെ നോക്കില്ല എന്ന് .ഒരു ദിവസം അദ്ദേഹം റിക്ഷ ഓട്ടിക്കുന്ന സമയത്ത് ഒരു പെൺക്കുട്ടി റിക്ഷയിൽ കയറി. അവൾ പറഞ്ഞു:"എനിക്ക് നിങ്ങളുടെ വീട്ടിൽ പോകണം".അദ്ദേഹം പറഞ്ഞു:"വേണ്ട കുഞ്ഞേ.എന്റെ വീട്ടിൽ നിന്നെ കൊണ്ടുപ്പോയാൽ ഇരിക്കാൻ പോലും സ്ഥലമില്ല. മോള് വല്ല്യ വീട്ടിലെ കുഞ്ഞലെ . സാരമില്ല അപ്പൃപ്പാ എന്ന് പെൺകുട്ടി പറഞ്ഞു.വീട്ടിൽ പോയി കാപ്പിയും കുടിച്ചിട്ട് തിരിച്ച് കൊണ്ടാക്കി. ആ പെൺകുട്ടിക്ക് അപ്പൃപ്പൻ ഇല്ല.പക്ഷെ അവൾക്ക് സങ്കടം ഇല്ലായിരുന്നു.''എനിക്ക് ഒരു അപ്പൃപ്പനെ കിട്ടിയെ അമ്മേടുത്തും അച്ഛന്റെ അടുത്തും വന്ന് സന്തോഷത്തോടെ പറഞ്ഞു''. അത് അവൾക്ക് സന്തോഷം തന്നെയായിരുന്നു. പിന്നെ പിന്നെ അവൾ അദ്ദേഹത്തിന്റെ അടുത്ത് നിൽക്കും. അദ്ദേഹത്തിന് അവളോട് വല്ല്യകാര്യമാണ്. പിന്നെ അവൾ അച്ഛനോട് പറഞ്ഞ് 500 രൂപ വെച്ച് അപ്പൃപ്പന് കൊടുക്കുമായിരുന്നു. ഒരു ദിവസം അദ്ദേഹത്തിന്റെ പേരക്കുട്ടികളുടെ അടുത്തേക്ക് ഈ പെൺക്കുട്ടിയെ വിളിച്ച് കൊണ്ട്പോയി. തന്റെ മകനും മരുമകളും അദ്ദേഹത്തെ ആട്ടിയോട്ടിച്ചു വിട്ടു. ആ അപ്പൃപ്പൻ അന്നത്തെ ദിവസം കരഞ്ഞ്കൊണ്ടിരുന്നു. അവൾക്ക് അത് സഹിക്കാൻ പറ്റില്ല. അവൾ വളർന്നു വലുതായി ഒരു സർക്കർ ഉദ്ദ്യോകസ്ഥയായി. അദ്ദേഹം കടക്കുന്ന സ്ഥലത്ത് ഒരു ദിവസം രാവിലെ അവൾ പോയിന്നോക്കി അദ്ദേഹം കടക്കുന്ന തലങ്ങണിടെ അടിയിൽ ഒരു ഡയറി ഇരിക്കുന്നത് കണ്ടു. അത് എടുത്ത് അവൾ വായിച്ചു സങ്കടത്തിന്റെ പെഴമഴപോലെ അദ്ദേഹം എങ്ങനെയാണ് തന്റെ വളർത്തിയത് എന്ന് ആ ഡയറിയിലുണ്ട്.എത്ര ത്യാഗമായിയാണ് തന്റെ മക്കളെ വളർത്തുന്നത് . അദ്ദേഹത്തിന്റെ മക്കൾ ഇപ്പോൾ ഒരാൾ കളക്ടർ ,രണ്ടാമത്തെ ആൾ IPS, മൂന്നമെത്തെ ആൾ പോലീസ് ഉദ്യോഗസ്ഥതൻ
ഈ പെൺകുട്ടി മൂന്നുപേരയും വിളിച്ച് ഈ ഡയറി കൊടുത്തു. വളരെ പ്രയാസത്തോടെ അവർ പറഞ്ഞു. ഈ കൊള്ളാത്ത ഡയറി കെളവന്റെയല്ലെ ഞങ്ങൾക്ക് ഡയറി വാങ്ങാൻ മനസ്സില്ല. അവൾ നിർബധിച്ച് ഈ ഡയറി വാങ്ങിപ്പിച്ചു അത് അവൾ വായിച്ച് നോക്കി .അവർ അവിടെ പൊട്ടി കരഞ്ഞു. അവർക്ക് അവരുടെ തെറ്റ് മനസ്സിലായി . തന്റെ അച്ഛൻ എങ്ങനെയാണ് ഞങ്ങൾ വളർത്തിയത് എന്ന് അവർക്ക് മനസ്സിലായി . അവർക്ക്

അവരുടെ അച്ഛനെ കാൽപ്പിടിച്ച് വീട്ടിൽ കൊണ്ടു പോയി . അദ്ദേഹത്തിനും അവർക്കും സന്തോഷമായി. അവർ അച്ഛനുമായി സന്തോഷത്തോടെ ജീവിച്ചു.ഇപ്പോൾ എല്ലാവർക്കും അച്ഛന്റെ സ്നേഹം മനസ്സിലായോ നമ്മുക്ക് എല്ലാം വാങ്ങിതരാൻ അച്ഛൻ വേണം.ഉപേക്ഷിക്കാൻ എത്ര ആൾക്കാർ.അവരെ എപ്പോഴും സന്തോഷിപ്പിക്കുക. സംങ്കടപ്പെടുത്താതിരിക്കുക.

അച്ഛന്റെ വാക്കുകൾ നമ്മുക്ക് അറിയണം.അച്ഛന്റെ മഹത്വങ്ങൾ നാം അറിയണം ."ഈ കഥ അച്ചു എന്നു പറയുന്ന ഒരു കുട്ടിയോട് അവന്റെ അമ്മ മീനാക്ഷിപറഞ്ഞ് കൊടുത്തതാണ്.അച്ചുവിന്റെ അച്ഛനെ അവൻ ഒരുപാട് സങ്കടപ്പെടുത്തി അതിനാൽ ഈ കഥ പറഞ്ഞുകൊടുത്തത്. ഇത് കേട്ടപ്പോൾ അച്ചുവിന്റെ കണ്ണുകൾ നിറഞ്ഞുപ്പോയി.ഇന്നു മുതൽ തന്റെ അച്ഛനെ വിഷമിപ്പിക്കാതെ സ്നേഹത്തോടെ സംരക്ഷിച്ചു.അത് തന്നെ വല്യകാര്യമാണ്.അച്ഛനെ നാം വിഷമിപ്പിക്കാതിരിക്കുക.നാം സ്നേഹിക്കുക .അതുപ്പോലെ അമ്മയേയും.അമ്മയും അച്ഛനും ഉള്ള നല്ല കുടുംബങ്ങൾ സന്തോഷമായിരിക്കും .അവർ സ്വർത്തിലെ ഉടനകളായിരിക്കും.ഇത് തന്നെ നല്ല ഗുണപാടം."

അബിൻ ഉദയൻ 10ബി

# പകർന്നാട്ടം

ചത്തതല്ല ചതഞ്ഞതല്ല
പുത്തനല്ല പുതയിട്ടതല്ല
പൂത്ത യൗവനം പുഷ്ടിയിൽ നൽകിയ
ഹസ്തമാണ്കരുത്തിൻ്റെ കാതൽ
കാലമേറെക്കഴിഞ്ഞിട്ടുമെൻ്റ
കൈകളൊട്ടും മെലിഞ്ഞിട്ടുമില്ല
അത്തലുള്ളൊരാക്കാലത്തിലല്ലേ
കത്തിനിൽക്കുന്ന യൗവന സത്യം
നീതിയില്ലാത്ത നാളുകളോട്ട
പോരടിച്ചതഴമ്പാണ കൈകളിൽ.
അന്നു തോന്നാത്ത വീര്യവികാരം
കത്തിനിൽക്കുന്നു വീണ്ടുമെൻ കയ്യിൽ
പുത്തനാളുകൾ പുത്തനായുധം
ജാതി നാമവും കോലവും കെട്ടി
കീഴടക്കുവാൻ നാടിനെ വീണ്ടും
ജാതി വേണ്ട മതംവേണ്ട നമ്മളിൽ
മാനമുള്ളവർ തങ്ങളിൽത്തങ്ങളിൽ
സ്നേഹമാണ് പുലർവെട്ടമെന്ന്
ചൊന്നൊരാളുകൾ പോയ് മറഞ്ഞല്ലോ
ആര്യനേകിയൊരാ ചാരമൊക്കെ
ആഞ്ഞു പുൽകുന്ന പുത്തൻ മുറക്കാർ
വീണ്ടുമാചാര നൂലുകൾ നൂണ്ട്
നീങ്ങിയെത്തുന്നു നമ്മളെക്കെട്ടാൻ
വേണ്ടതല്ലിതൊരുന്മത്ത ബോധം
വേണ്ടതല്ലല്ലോ ജാത്യഭിമാനം
എന്ന് കണ്ടറിഞ്ഞാളുകൾ ചൊല്ലിയ
പുസ്തകങ്ങൾ കരഞ്ഞു വിളിപ്പൂ
നമ്മളൊന്നെന്ന സത്യം മിഴിക്കും
അക്ഷരങ്ങളും കണ്ണു ചിമ്മുന്നു
വേണമിന്നൊരുടവാളെനിക്ക്
അക്ഷരങ്ങളിലഗ്നി പടർത്താൻ
വാക്കുകളാൽ വിശ്വം വിളക്കാൻ
കൈതെറുത്തങ്ങുയിര് പൊന്തിച്ച്
മർത്യരൊന്നെന്നൊരീങ്ക്വിലാബ്

മുഴക്കിത്തട്ടുക്കാൻ
ജാതിയല്ല മതമല്ല നമ്മളിൽ
വേണ്ടത് വിശ്വസംസ്കാര ജീവിത ബോധം
ആണിനെയും പെണ്ണിനേം തമ്മിൽ
വേർതിരിക്കാത്ത സംഘകാല സമഭാവനയും
അങ്ങനള്ളൊരു ലോകം പുലരാൻ
പേനയുന്തും എഴുത്തായ് മാറാൻ
വേണമെങ്കിൽ  കഴുത്തു നൽകാനുമെനക്കില്ല പേടി
വീണ്ടുമെന്നിൽ ജ്വലിക്കുന്നു സത്യം പോയ
കാലത്തെ നീതി സമ്പാദ്യ

ഗോപാലക‍ൃഷ്ണനൻ (അദ്ധ്യാപകൻ)

# I.T QUIZ

1 Expansion of pdf ?
Ans: portable document format

2 processed data is called ?
Ans: Information .

3 The mechanical calculator invented by?
Ans: Blaize pascal

4 speed of first generation computer was measured in
Ans: millisecond

5 c chip is made up of ?
Ans: Transistors

6 computer security day?
Ans: November 30

7 world first binary digit computer
Ans: z1

8 Inventor of e-mail system ?
Ans: Ray Tomlinson

9 Expansion of VDU?
Ans: Visual Display Unit

10 The backbone of a computer ?
Ans: Mother Board

11 First electronic computer in the world ?
Ans: ENIAC

12 IT@ school project started in kerala?
Ans: 2001

13 Developer of c++ language
Ans: Bjarne stroustrup

14 The language used in game ?
Ans: JAVA

15 The frist web browser ?
Ans: Nexus

16 16. An error in computer or softwer?
Ans: Bug

17 Very high speed memory placed in between Ram and Cpu
Ans: cache memory

18 The devices connects in a network are called
Ans:Nodes

19 Father of WIFI
Ans:VIC Hayes.

20 Code name of new version of ubuntu software
Ans:cosmic cuttle fish

Harisurya 9B

# THE INFLUENCE OF SOCIAL MEDIA

social media has both merits and demerits. Social media includes face book,twitter ,whatsapp, and instagram. These social media influences human beings a lot . Some human beings missuses social media by insulting woman by editing pictures of women and typing nauncense on twitter ,face book ,etc..
the demerits of social media are of so many such as insulting women ,editing pictures of people , insulting the government , and so on .and merits of social media are very. We can know everything happening in the world and what decision did the government takes for the protection of people .

Now a days the companies of twitter ,face book , whatsapp,etc..are taken decision to prevent the nauncenses talking happening on these media .the media has taken action to avoid the account of people who are making fun of people and the government in these media .infact children are adicted by social media as much .social media influences young peoples a lot .because the young girls chat through these media and falls on trap . They thinks that they are chatting to the person in the picture . But behind the picture their is a man that we don't know .
So be careful while chatting with strangers on social media .if some one is insulting us on these media report in the cybercell for help. .

Anamika 9B

# ചിത്രജാലകം






ഡിസംബർ 1
ലോക എയിഡ്സ് ദിനം
എയിഡ്സ് രോഗം ഇല്ലാത്ത ഒരു നല്ല
നാളേക്ക് വേണ്ടി നമുക്ക് പ്രവർത്തിക്കാം
ഗവ: എച്ച്.എസ്.എസ്. വെസ്റ്റ്, കൊല്ലം






CROWN


പടിഞ്ഞാറെ കൊല്ലം ഗവൺമെന്റ് എച്ച്.എസ്.എസ്
വാസുദേവൻ സ്മാരക
ഉദ്ഘാടനവും
ഉദ്ഘാടനം. അഡ്വ: വി.രാജേന്ദ്രബാബു
CROWN
BRC KOLLAM



# നന്ദി

സ്വപ്നം കാണുക
ആ സ്വപ്നങ്ങളെക്കുറിച്ച്  ചിന്തിക്കുക
ആ ചിന്തകളെ പ്രവൃത്തിയിലൂടെ സഫലമാക്കുക( അബ്ദുൽ  കലാം)
ഈ വാക്കുകൾ   പ്രവൃത്തിപഥത്തിലെത്തിച്ച ഏവർക്കും  നന്ദി

ലിറ്റിൽകൈറ്റ്  അദ്ധ്യാപകർ